(Pages : 4) **T – 3349**

**Reg. No. : .............................**

**Name : ..................................**

**Second Semester B.A./B.Sc./B.Com. Degree Examination, August 2024**

**Career Related First Degree Programme under CBCSS**

**Language Course IV – Additional Language – Malayalam**

**ML 1211.3 : ദൃശ്യകലാസാഹിത്യം**

**(2018 – 2020 Admission)**

Time : 3 Hours Max. Marks : 80

I. **ഒരു** വാക്കിലോ രണ്ടു വാക്യത്തിലോ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.

1. നളചരിതത്തിന് ഏ.ആർ. രാജരാജവർമ്മ എഴുതിയ വ്യാഖ്യാനമേത്?

2. കല്യാണസൗഗന്ധികം ഏതു വിഭാഗത്തിൽപെട്ട തുള്ളലാണ്?

3. 'കൈരളിയുടെ കഥ' എഴുതിയതാര്?

4. ഒരിടത്തൊരു ഫയൽവാൻ എന്ന ചിത്രത്തിൽ ഫയൽവാന്റെ വേഷം അഭിനയിച്ച നടൻ ആര്?

5. താത്രിക്കുട്ടിയുടെ കഥ പറയുന്ന ശ്രീജയുടെ നാടകമേത്?

6. മലയാളത്തിലെ ആദ്യത്തെ സ്ത്രീപക്ഷ നാടകമേത്?

7. മലയാളനാടക സാഹിത്യത്തിൽ ഇബ്സനിസ്റ്റ് പ്രസ്ഥാനത്തിനു തുടക്കം കുറിച്ച നാടകം ഏത്?

8. കെ.വി. ശ്രീജ മലയാള നാടക അരങ്ങിലേയ്ക്ക് രംഗപ്രവേശനം ചെയ്തത് ഏതു നാടകത്തിലൂടെയാണ്?

9. ''പണ്ടു ഞാനീവണ്ണമുള്ളോരു വസ്തുവെ-
ക്കണ്ടറിയുന്നീല കാന്ത! ധരിക്കെടോ'' - ആരുടെ വാക്കുകൾ? വസ്തു എന്ത്?

10. 'ഒരിടത്തൊരു ഫയൽവാൻ' എന്ന സിനിമയിലെ സംഗീത സംവിധായകൻ ആര്?

**(10 × 1 = 10 Marks)**

P.T.O.

II. ഒരു ഖണ്ഡികയിൽ കവിയാതെ **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11. ''അഘവും നീങ്ങി മേ സർവ്വം
ഗൃഹവും പൂതമായിപ്പോൾ''
- സന്ദർഭം വിവരിക്കുക.

12. ''പട്ടണത്തിൽത്തന്നെ മറ്റൊരിടത്തും ഇത്ര സ്വാതന്ത്ര്യമായി കുട്ടികൾ വളരാറില്ല'' - ആരുടെ വാക്കുകൾ? സന്ദർഭം ഏത്?

13. ഭീമസേനന്റെ ഏതെല്ലാം വീരകൃത്യങ്ങളെ ഓർമ്മിപ്പിച്ചാണ് പാഞ്ചാലി സൗഗന്ധികപുഷ്പം കൊണ്ടുവരാൻ ഭീമനെ പ്രേരിപ്പിക്കുന്നത്?

14. ''ഏഷണിക്കു നടപ്പേൻ ഞാനേഴു രണ്ടു ലോകത്തിലും'' ആരുടെ വാക്കുകൾ? 'ഏഷണി' എന്ന പ്രയോഗത്തിന്റെ ഔചിത്യവും 'ഏഷണ' എന്ന പാഠഭേദത്തിന്റെ പ്രസക്തിയും വ്യക്തമാക്കുക.

15. ''ജനിച്ചു വീഴുന്ന ഒരു കുഞ്ഞിന്റെ ആദ്യത്തെ ശബ്ദം. അതുപോലൊരു സംഗീതം വേറെല്യ'' - സന്ദർഭമെഴുതുക.

16. ''വിരഹിഭീതിസ്ഥലമേയിതു'' - ഏത്? എന്തുകൊണ്ട്?

17. ''പരിഹാസം അത്ര നിസ്സാരമായ വസ്തുവാണോ? ഹൃദയത്തിന്റെ അടിത്തട്ടിൽനിന്നാണതുത്ഭവിക്കുന്നത്'' - സന്ദർഭമെഴുതുക.

18. ''ബാക്കിയെല്ലാക്കളിക്കും തോറ്റാ, പിന്നോ കളിക്കാം. ഗുസ്തീല് ഒരിക്കെ അടിപെട്ടാ പിന്നെ പിടിക്കാൻ ഗോദാ കിട്ടുകേല്ലാ!'' - സന്ദർഭം വിശദമാക്കുക.

19. കൃഷ്ണനാട്ടം - കുറിപ്പെഴുതുക.

20. ''ശിവശിവ! എന്തു ചെയ്യൂ ഞാൻ? എന്നെ
ചതിച്ചു കൊല്ലുന്നിതു രാജേന്ദ്രൻ'' - ആരുടെയാണീ വിലാപം? ഇവിടെ തെളിയുന്ന കഥാപാത്ര സ്വഭാവം വ്യക്തമാക്കുക. അവതരണഭംഗി വിവരിക്കുക.

21. ''സഫലം നിന്നുടെ കാര്യം സപദി സംഭവിച്ചീടും'' - ആരുടെ വാക്കുകൾ? കഥാപാത്രത്തിന്റെ സ്വഭാവം നിരൂപിക്കുക.

22. ''ജനിക്കാനിരിക്കുന്നവരും മരിച്ചു പോയവരും ജീവിച്ചിരിക്കുന്നവരേക്കാൾ പ്രായം കൂടിയവരാണ്'' - സന്ദർഭം വിവരിക്കുക.

**($8 \times 2 = 16$ Marks)**

III. **120** വാക്കിൽ കവിയാതെ **ആറു** ചോദ്യത്തിന് ഉത്തരം എഴുതുക.

23. ''അതിദുഃഖകാരണമിന്നാരാമസഞ്ചരണം'' - എന്തുകൊണ്ട്?

24. ഭീമസേനന്റെ കാനനപ്രവേശം വർണ്ണിക്കുക.

25. 'ലേബർ റൂം' എന്ന നാടകത്തിലെ സ്ത്രീ-3 മറ്റു സ്ത്രീകളിൽ നിന്നും വ്യത്യസ്തയാകുന്നതെങ്ങനെ?

26. ''അർണ്ണവം തന്നിലല്ലോ നിമ്നഗ ചേർന്നു ഞായം
അന്യഥാ വരുത്തുവാൻ കുന്നു മുതിർന്നീടുമോ?''
- അലങ്കാരത്തിന്റെ ഔചിത്യവും ആശയവ്യഞ്ജകത്വവും വെളിപ്പെടുത്തുക.

27. ഒരിടത്തൊരു ഫയൽവാൻ എന്ന സിനിമയിൽ ശിവൻപിള്ള എന്ന കഥാപാത്രത്തിന്റെ പ്രസക്തി വിലയിരുത്തുക.

28. ''സുഖം അത്ര നിസ്സാരവസ്തുവാണെന്ന് എനിക്കു തോന്നുന്നില്ല'' - സന്ദർഭം വിവരിച്ച് നാടകത്തിൽ ഈ വാക്യത്തിന്റെ പ്രാധാന്യം ചർച്ച ചെയ്യുക.

29. ഗുസ്തിക്കാരന്റെ ജീവിതപരാജയവും ആത്മസംഘർഷവും പത്മരാജൻ ആവിഷ്കരിക്കുന്നതെങ്ങനെ?

30. 'ഭഗ്നഭവനം' എന്ന തലക്കെട്ട് എൻ.കൃഷ്ണപിള്ളയുടെ എല്ലാ നാടകങ്ങൾക്കും ചേരുന്നതാണ്. നിരൂപിക്കുക.

31. മലയാള സിനിമാ പ്രവർത്തകരിൽ പത്മരാജന്റെ സ്ഥാനം നിർണ്ണയിക്കുക.

**(6 $\times$ 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

32. നളചരിതം ആട്ടക്കഥയിലെ കഥാപാത്രങ്ങൾ ഉണ്ണായി വാര്യരുടെ മനോധർമ്മജ്ഞാനത്തിന്റെ ഉത്തമനിദർശനങ്ങളാണ്. നിരൂപിക്കുക.

33. കുഞ്ചൻനമ്പ്യാരുടെ വർണ്ണനാരീതിയുടെ സവിശേഷതകൾ 'കല്യാണസൗഗന്ധിക'ത്തെ മുൻനിർത്തി വിലയിരുത്തുക.

34. യഥാതഥനാടകവേദിയിലെ ശക്തമായ ഒരു കണ്ണിയാണ് എൻ. കൃഷ്ണപിള്ള. ഈ അഭിപ്രായം ഭഗ്നഭവനത്തെ മുൻനിർത്തി ചർച്ചചെയ്യുക.

35. തിരക്കഥയുടെ സവിശേഷതകൾ വ്യക്തമാക്കി 'ഒരിടത്തൊരു ഫയൽവാൻ' എന്ന തിരക്കഥയുടെ പ്രത്യേകതകൾ വെളിപ്പെടുത്തുക.

**($2 \times 15 = 30$ Marks)**